പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 56 — 12-10-2026-ൽ മറുപടിയ്ക്ക്

<u>വയോജന സൗഹൃദ സർക്കാർ ഓഫീസുകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> — <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വർഗ്ഗീസ് മാമ്മൻ — ശ്രീ. വി. ഡി. സതീശൻ

ശ്രീ. റെജി ചെറിയാൻ — (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ വയോജന സൗഹൃദമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്ത് വയോജന സൗഹൃദമായ സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂടുതൽ വയോജന സഹൃദമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 08.09.2026 ലെ എ2/14/2026-വ.ക്ഷേ.വ നമ്പർ പരിപത്രം പ്രകാരം സർക്കാർ ഓഫീസുകൾ വയോജന സൗഹൃദമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, 10.09.2026 ലെ സ.ഉ(സാധാ)നം.4/2026/വയോജന ക്ഷേമ വകുപ്പ് നം ഉത്തരവ് പ്രകാരം "വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ പദ്ധതി" ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 18.09.2026 ലെ സ.ഉ(സാധാ)നം.12/2026/വ.ക്ഷേ.വ നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വയോജന സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) മുതിർന്ന പൗരന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഭൗതിക സൗകര്യങ്ങളുടെയും ലഭ്യമായ സേവനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> പൊതു സേവന കാര്യാലയങ്ങളിൽ ഏകീകൃത സർട്ടിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഓഫീസുകളിലെ ഭൗതിക സൗകര്യങ്ങൾ, സേവന നടപടിക്രമങ്ങൾ,

ജീവനക്കാരുടെ സമീപനം, വിവരലഭ്യത തുടങ്ങിയവ അളക്കാവുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനും, സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും, സർട്ടിഫിക്കേഷൻ ലഭിച്ച ഓഫീസുകളുടെ പൊതു രജിസ്റ്റി രൂപീകരിക്കുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി വിവിധ ഘട്ടങ്ങളിലായി പൊതു സേവനം നൽകുന്ന സർക്കാർ ഓഫീസുകൾ, അർദ്ധസർക്കാർ യൂട്ടിലിറ്റി സ്ഥാപനങ്ങൾ, സ്വമേധയാ പങ്കെടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

നിശ്ചിത മാനദണ്ഡങ്ങളും സ്കോറിംഗ് സംവിധാനവും അടിസ്ഥാനമാക്കി സ്വർണം, വെള്ളി, വെങ്കലം എന്നീ തലങ്ങളിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനും 10.09.2026 ലെ സ.ഉ (സാധാ) നം.4/2026/വ.ക്ഷേവ നം ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**(സി)** രാജ്യത്തെ ഏതൊക്കെ സംസ്ഥാനങ്ങളിൽ പ്രസ്തുത സർട്ടിഫിക്കേഷൻ/ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; സർട്ടിഫിക്കേഷന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ ഓഫീസുകളെയാണ് ആദ്യഘട്ടത്തിൽ ഇതിനായി പരിഗണിക്കുകയെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> രാജ്യത്തെ ഏതെങ്കിലും സംസ്ഥാനങ്ങളിൽ വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ പദ്ധതി/ ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ടി പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് ഒരു സർക്കാർ ഓഫീസ് വീതം തിരഞ്ഞെടുക്കുകയും, ആകെ 14 ഓഫീസുകളിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത ഓഫീസുകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് സർട്ടിഫിക്കേഷൻ / ഗ്രേഡിംഗ് നടപടികൾ നടപ്പിലാക്കുന്നതാണ്.

**(ഡി)** സർക്കാർ സേവനങ്ങളും ക്ഷേമപദ്ധതികളും മുതിർന്ന പൗരന്മാരിലെത്തിക്കാൻ ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽഡർ ഫെസിലിറ്റേഷൻ ഡെസ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

<u>മറുപടി:</u> എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എൽഡർ ഫെസിലിറ്റേഷൻ ഡെസ്കുകൾ( വയോജന സഹായ കേന്ദ്രങ്ങൾ) ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

വയോജനങ്ങൾക്ക് വിവിധ സർക്കാർ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക, അർഹതയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശവും സഹായവും നൽകുക, ബന്ധപ്പെട്ട വകുപ്പുകളുമായും സ്ഥാപനങ്ങളുമായും ഏകോപനം ഉറപ്പാക്കുക എന്നിവയാണ് വയോജന സഹായകേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**സെക്ഷൻ ഓഫീസർ**